എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ടിന്റെ കീഴിലെ പദ്ധതികൾ

2 (448) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ ആരോഗ്യമിഷന്റെ ഭാഗമായി സംസ്ഥാനത്ത് എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ടിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം ഇതുവരെ ആധുനിക സൗകര്യങ്ങളുള്ള എത്ര ആംബുലൻസുകൾ വാങ്ങി എന്നറിയിക്കുമോ ; ഇവ എന്നാണ് വാങ്ങിയത് ;

(സി) 2010 ഡിസംബർ വരെ ഇവയിൽ എത്ര ആംബുലൻസുകൾ പ്രവർത്തനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ശേഷിക്കുന്ന ആംബുലൻസുകൾ വാങ്ങിയശേഷം മാസങ്ങൾ കഴിഞ്ഞിട്ടും ഉപയോഗിക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്താണ് ;

(ഇ) ഈ ആംബുലൻസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ ആംബുലൻസുകൾക്ക് പുറമെ അടിസ്ഥാന സൗകര്യമുള്ള കൂടുതൽ ആംബുലൻസുകൾകൂടി വാങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ജി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ഭാഗമായി സംസ്ഥാനത്ത് കേരള എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ടിനു കീഴിൽ ആംബുലൻസുകൾ സർവ്വീസ് നടത്തിവരുന്നു.

(ബി) ഈ പദ്ധതിപ്രകാരം ആധുനിക സൗകര്യങ്ങളോടുകൂടിയ 50 ആംബുലൻസുകൾ വാങ്ങിയിട്ടുണ്ട്. ഈ ആംബുലൻസുകൾ മാർച്ച് 2010-നാണ് വാങ്ങിയത്.

(സി) 25 എണ്ണം പ്രവർത്തനം നടത്തിയിട്ടുണ്ട്.

(ഡി) ഓപ്പറേറ്റിംഗ് ഏജൻസിയെ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പരിഗണനയിലുണ്ട്.

(ജി) ആംബുലൻസുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

മയക്കാനുള്ള മരുന്നിന്റെ ഗുണനിലവാരം

3 (449) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രിയിൽ ശസ്ത്രക്രിയക്ക് വിധേയരാവുന്ന രോഗികൾ ഓപ്പറേഷനിടക്ക് നിശ്ചിതസമയം കഴിയാതെ മയക്കം വിട്ടുണരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രോഗികളെ മരവിപ്പിക്കാൻ നട്ടെല്ലിൽ കുത്തിവെയ്ക്കുന്ന ബ്യൂവി വാകൈൻ ഹൈഡ്രോക്ലോറൈഡ് ഇഞ്ചക്ഷനിൽ യഥാർത്ഥ ഘടകങ്ങൾ ഇല്ലാത്തത് ഇതിനു കാരണമായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഹൊസൂർ ആസ്ഥാനമായ കമ്പനിയുടെ ഈ മരുന്ന് സർക്കാർ ആശുപത്രിയിൽ വിതരണത്തിനുള്ളതാണെന്ന് അതിൽ തന്നെ രേഖപ്പെടുത്തിയിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഈ മരുന്ന് ഏതൊക്കെ ശസ്ത്രക്രിയകൾക്കാണ് നട്ടെല്ലിൽ ഇഞ്ചക്ഷനായി നൽകുന്നത് ;

(ഇ) ഈ മരുന്നിന് പകരം പണം കൊടുത്ത് പുറത്തുനിന്ന് മരുന്ന് വാങ്ങാൻ രോഗികൾ തയ്യാറാവുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എന്നാൽ സർക്കാർ നൽകുന്ന മരുന്ന് ഉപയോഗിക്കാത്ത ആശുപത്രികൾക്കെതിരെ കർശന നടപടി എടുക്കുമെന്ന ആരോഗ്യ വകുപ്പിന്റെ നിലപാട് രോഗികൾക്ക് ഇതിന് തടസ്സം സൃഷ്ടിക്കുന്നകാര്യം പരിശോധിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ജി) പാവപ്പെട്ട രോഗികൾക്ക് ആശ്വാസം പകരാൻ ഇക്കാര്യത്തിൽ എന്തുനിലപാടെടുക്കും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രോഗികളെ മരവിപ്പിക്കാൻ നട്ടെല്ലിൽ കത്തി വയ്ക്കുവാൻ ഈ മരുന്നു ഉപയോഗിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട പത്രവാർത്തയിൻമേലുള്ള ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly